പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം 4533 — 25.10.2016 -ൽ മറുപടിയ്ക്ക്

## സീ പ്ലെയിൻ പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ഡി.കെ. മുരളി : | | ശ്രീ. എ.സി.മൊയ്തീൻ. സഹകരണവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി | |
| എ) | മുൻസർക്കാരിന്റെ കാലത്ത് നടപ്പിലാക്കുന്നതിനായി തീരുമാനിച്ച സീ പ്ലെയിൻ പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണ് എന്നറിയിക്കുമോ ; | എ) | സീ പ്ലെയിൻ പദ്ധതിയുടെ ഭാഗമായി സർവ്വീസുകൾ നടത്തുവാനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ കൊല്ലം (അഷ്ടമുടി), ആലപ്പുഴ (പുന്നമട) എന്നിവിടങ്ങളിൽ ഒരുക്കിയിട്ടുണ്ട്. ഇവയ്ക്ക് ബ്യൂറോ ഓഫ് സിവിൽ ഏവിയേഷൻ സെക്യൂരിറ്റി (ബി.സി.എ.എസ്), ഡയറക്ടർ ജനറൽ ഓഫ് സിവിൽ ഏവിയേഷൻ (ഡി.ജി.സി.എ) എന്നിവയുടെ അനുമതികൾ ലഭിച്ചിട്ടുണ്ട്. സർവ്വീസുകൾ നടത്തുവാനാവശ്യമായ വിവിധ അനുമതികൾ ലഭിച്ചിട്ടുള്ള സീപ്ലെയിനുകളുമായി സേവനദാതാക്കൾ സർവ്വീസ് നടത്തുവാനായി മുന്നോട്ട് വരുന്ന മുറയ്ക്ക് പ്രദേശത്തെ ഉൾനാടൻ മത്സ്യത്തൊഴിലാളി സമൂഹത്തെക്കൂടി വിശ്വാസത്തിലെടുത്തു കൊണ്ടായിരിക്കും സർവ്വീസുകൾ ആരംഭിക്കുക. |
| ബി) | ഇതിനായി ഖജനാവിൽ നിന്നും എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിശദമാക്കുമോ? | ബി) | 31.3.2016 വരെയുള്ള കണക്കുകൾ പ്രകാരം, ആകെ 13,73,50,111/- രൂപ സീപ്ലെയിൻ പദ്ധതിക്കായി ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ